# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 27/08/2021

## ദമ്പതികളെ അർദ്ധരാത്രി വീട്ടിൽ കയറി വെട്ടി കൊലപ്പെടുത്താൻ ശ്രമം ഒരു വർഷമായി ഒളിവിലായിരുന്ന പ്രതികൾ അറസ്റ്റിൽ

കൊല്ലം : 06.08.2020 രാത്രി 01.30 മണിക്ക് കരുനാഗപ്പള്ളി വില്ലേജിൽ പടവടക്ക് മുറിയിൽ ചെട്ടിശ്ശേരി വീടിന്റെ മുൻവാതിൽ തകർത്ത് മാരകായുധങ്ങളുമായി അസഭ്യം വിളിച്ച് കൊണ്ട് അതിക്രമിച്ച് കയറി ഗൃഹനാഥയെ മാനഭംഗപ്പെടുത്തുകയും മക്കളേ വീടിന് പുറത്തേക്ക് പിടിച്ച് വലിച്ചെറിഞ്ഞ് ഗൃഹനാഥനായ സന്തോഷിനേ ഇരുമ്പ് പൈപ്പ് കൊണ്ട് അടിച്ചും വാളുകൊണ്ട് വെട്ടിയും ഗുരുതരമായി പരിക്കേൽപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത സംഘത്തിലെ പിടിയിലാകാനുണ്ടായിരുന്ന രണ്ടുപേർ പോലീസ് പിടിയിലായി. ഓച്ചിറ കൊറ്റംമ്പള്ളി പാലമ്മൂട്ടിൽ ക്ഷേത്രത്തിന് സമീപം ഗായത്രി ഭവനിൽ ഗോപാലകൃഷ്ണപിള്ള മകൻ ബോബ്സ് 06







എന്ന് വിളിക്കുന്ന ഗൗതം ജി പിള്ള (25), ഓച്ചിറ ചങ്ങൻകുളങ്ങര ക്ഷേത്രത്തിന് കിഴക്ക് കൊച്ചു വീട്ടിൽ തറയിൽ അനിൽകുമാർ മകൻ വിനായക് അനിൽകുമാർ (25) എന്നിവരാണ് പോലീസ് പിടിയിലായത്. സംഭവത്തിന് ശേഷം ഇവർ ഒളിവിലായിരുന്നു. മറ്റു പ്രതികളെ പോലീസ് പിടികൂടിയിരുന്നു. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് ലഭച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി എ.സി.പി ഷൈനു തോമസിന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളി സ്റ്റേഷൻ ഹൗസ് ഓഫീസർ ഗോപകുമാർ.ജി, സബ്ബ് ഇൻസ്പെക്ടർമാരായ ജോൺസ് രാജ്, രജേന്ദ്രൻ, എ.എസ്സ്.ഐ ശ്രീകുമാർ, സി.പി.ഓ ശ്രീജിത്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ ഓച്ചിറ നിന്നും പിടികൂടിയത്. ഇവരെ കൊട്ടരക്കര സബ്ബ് ജയിലിലേക്ക് റിമാന്റ് ചെയ്തു.

## ക്വാറന്റൻ ലംഘനം നടത്തിയവർക്കെതിരെ തെക്കുംഭാഗത്തും അഞ്ചാലുംമൂടും സ്റ്റേഷനുകളിൽ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം കേസ്

കൊല്ലം : കോവിഡ് പകർച്ചവ്യാധി പിടിപെട്ട് ക്വാറന്റെനിൽ കഴിയവേ സൈ്വര്യ സഞ്ചാരം നടത്തിയ തേവലക്കര അരിനല്ലൂർ സ്വദേശിയെ തെക്കുംഭാഗം പോലീസും നീരവിൽ സ്വദേശിയെ അഞ്ചാലുമ്മൂട് പോലീസും അറസ്റ്റ് ചെയ്ത് പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തതിന് ശേഷം ഇവരെ ഡോമിസിലറി കെയർ സെന്ററുകളിലേക്ക് മാറ്റി. ഇവരെ ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെയാണ് ഡോമിസിലറി കെയർ സെന്ററുകളിലേക്ക് മാറ്റിയത്. ക്വാറന്റെനിൽ കഴിയുന്നവർ സാമൂഹ്യ പ്രതിബദ്ധത പുലർത്തി പൊതു സമൂഹത്തിൽ നിന്നും നിശ്ചിത കാലം അകന്ന് പാലിക്കണമെന്നും നിയമ ലംഘകർക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമ പ്രകാരവും കേസ് എടുത്ത് കർശന നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.